# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 7005 — 11/07/2014 ൽ മറുപടിക്ക്

**എസ്. എ സ്. എ . വഴി പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള ഉപകരണങ്ങളുടെ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | 2013-14 ൽ എസ്.എസ്.എ വഴി പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള ഉപകരണങ്ങളുടെ വിതരണം നടത്തിയിട്ടുണ്ടോ; എങ്കിൽ എന്നാണ് വിതരണം നടത്തിയത്; എല്ലാ കുട്ടികൾക്കും നൽകിയിട്ടുണ്ടോ; എല്ലാ സ്കൂളുകളിലും നൽകിയിട്ടുണ്ടോ ; | എ) | 2013-14 വർഷത്തെ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കായുള്ള ഉപകരണവിതരണം മാർച്ച്, ഏപ്രിൽ മാസത്തിലായി പൂർത്തിയാക്കുകയുണ്ടായി. മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്ത സഹായ ഉപകരണം ആവശ്യമാണെന്ന് ഡോക്ടർമാർ സാക്ഷ്യപ്പെടുത്തിയ പൊതു വിദ്യാലയങ്ങളിൽ പഠിക്കുന്ന 1മുതൽ 8വരെ ക്ലാസുകളി ലെ എല്ലാ കുട്ടികൾക്കും ഉപകരണവിതരണം നടത്തിയി ട്ടുണ്ട്. |
| ബി) | സ്റ്റോർ പർച്ചേസ് ഡിപ്പാർട്ടുമെന്റിന്റെ നിലവിലുള്ള റേറ്റ് കോൺട്രാക്ട് പ്രകാരം കെൽട്രോണിൽ നിന്നും മേപ്പടി ഉപകരണങ്ങൾ വാങ്ങുന്നതിന് അനുമതി നൽ കിയിട്ടു ണ്ടോ; | ബി) | അനുമതി നൽ കിയി ട്ടുണ്ട്. |
| സി) | ഇ തു സംബന്ധിച്ച് എസ്.എസ്.എ 07.02.2014ന്എ2-548/14/എസ്.എസ്.എ നമ്പർ ഉത്തരവ് ഇറക്കിയിട്ടു ണ്ടോ? | സി) | സർക്കുലർ ഇറക്കിയിട്ടുണ്ട്. |
| ഡി) | പ്രസ്തുത ഉത്തരവിൽ നിബന്ധന നമ്പർ 3 ഹിയറിംഗ് എയ്ഡുകളുടെ (ബി.റ്റി.ഇ) ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതാണ് എന്ന് കഴിഞ്ഞ് SIEMENS എന്ന് ബ്രാക്കറ്റിൽ കൊടുത്തത് കൊണ്ട് എന്താണുദ്ദേശിക്കുന്നത്; | ഡി) | വിതരണം ചെയ്യുന്ന ഉപകരണങ്ങളിൽ സീമെൻസ് കമ്പനിയുടെ ഉപകരണങ്ങൾ ഉൾപ്പെട്ടിട്ടു ണ്ടെങ്കിൽ അവയുടെ ഗുണനിലവാരം പ്രത്യേകം ഉറപ്പുവരുത്തേ ണ്ട താണെന്നാണ് ടി സൂചനകൊ ണ്ടുദ്ദേശിക്കുന്നത്. |
| ഇ) | ഇത് ഏതെങ്കിലും കമ്പനിയുടെ പേരാണോ; എങ്കിൽ പ്രസ്തുത കമ്പനിയിൽ നിന്നും വാങ്ങണമെന്നാണോ ഉത്തരവ് കൊ ണ്ടുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | ഇ) | അതെ<br>സീമൻസ് എന്ന കമ്പനിക്കാരുടെ ഉത്പന്നമാണെങ്കിൽ അവയുടെ ഗുണനിലവാരം പ്രത്യേകം ഉറപ്പുവരുത്തേ ണ്ട താണ് എന്നാണ് ഉദ്ദേശിച്ചത്. |

| | | | |
|---|---|---|---|
| എഫ്) | അങ്ങിനെയെങ്കിൽ SIEMENS എന്ന കമ്പനിയുടെ സംസ്ഥാനത്തിലെയോ, ദക്ഷിണേന്ത്യ യിലെയോ വിതരണക്കാർ ആരാണ് ; | എഫ്) | ബാധകമല്ല |
| ജി) | ഇതുവരെ വിതരണത്തിനായി വാങ്ങിയ ഉപകരണങ്ങൾ ഏതു കമ്പനിയിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്; വിശദമാക്കുമോ? | ജി) | 2013-14 വർഷത്തിൽ കേരള സർക്കാർ സ്ഥാപനമായ കെൽട്രോണിൽ നിന്നും സ്റ്റോർ പർച്ചേസ് റേറ്റ് കോൺട്രാക്ട് പ്രകാരമാണ് ഉപകരണങ്ങൾ വാങ്ങിയത്. |

സെക്ഷൻ ഓഫീസർ